**PREDICTED QUESTION PAPER FOR AISSE 2022-2023**

**CLASS : X** **MAXIMUM MARKS:80**

**Time allowed : 3 Hrs**

***GENERAL INSTRUCTIONS :***

**The question paper is divided into two sections:**

| | | |
|---|---|---|
| **Section A** | **: Reading Comprehension** | |
| | **: Vocabulary Building & prose & poetry. ( M.C.Q.)** | **: 40 Marks** |
| **Section B** | **: Grammar, Composition** | |
| | **: Literature ( prose, poetry & Non -detailed)** | **: 40 Marks** |

**എ വിഭാഗം/ Section A**

**1** **ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിനു ഉത്തരം എഴുതുക. ( ഓരോന്നിനും 1 മാർക്കു വീതം )** **8x1=8**

**ജീവിതയാഥാർഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകൾ എഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ ഒരു കവിതകൊണ്ട് ഒരു കാലാവസ്ഥ തന്നെ സൃഷ്ടിച്ച അപൂർവ്വം കവികളിൽ ഒരാളാണ് വൈലോപ്പിള്ളി. "ശ്രീ " എന്ന തൂലികാനാമത്തിൽ എഴുതിത്തുടങ്ങിയ കവിയുടെ കവിതകൾ പലതും കേരളത്തിൽ ഒരു ഭാവുകപരിവർത്തനം സൃഷ്ടിച്ചു .**

**"എല്ലുറപ്പുള്ള കവിത എന്നാണ് " കടൽകാക്കകൾ എന്ന സമാഹാരത്തിന്റെ അവതാരികയിൽ പി. എ. വാര്യർ എഴുതിയത്.**

**" എന്തോ വ്യത്യാസമുണ്ടാകൃതിക്ക്, വെറും പാലുപോലുള്ള കവിതകളല്ല, കാച്ചിക്കുറുക്കിയകവിത"എന്ന് എം.എൻ.വിജയൻ ആ ശൈലിയെ വിശേഷിപ്പിച്ചത്. മാമ്പൂവിന്റെ മണവും കൊണ്ടെത്തുന്ന വൃശ്ചികക്കാറ്റ് മലയാളിയുടെ ഓർമ്മകളിലേക്ക് സങ്കടത്തിന്റെ ഒരശ്രുധാരയും കൊണ്ടുവരുന്നുണ്ട്.വൈലോപ്പിള്ളിയുടെ മാമ്പഴത്തിലൂടെ മലയാളി അനുഭവിച്ചറിഞ്ഞ ആ പുത്രദുഃഖം, ഒരു പക്ഷേ, ഭൂമിയുടെ അനശ്വരമായ മാതൃത്വത്തിലേക്ക് നമ്മെകൂട്ടിക്കൊണ്ടുപോകുന്നു.**

**ജീവിതത്തിന്റെ കടലിനെ മഷികുപ്പിയാക്കിയാണ് വിശ്രമമില്ലാതെ അദ്ദേഹം എഴുതിക്കൊണ്ടിരുന്നത് . വൈലോപ്പിള്ളി വികാരങ്ങളുടെ കവിയല്ല. സമകാലീനരായ ജി.ശങ്കരക്കുറുപ്പ് , ചങ്ങമ്പുഴ കൃഷ്ണപിള്ള , ഇടപ്പള്ളി രാഘവൻപിള്ള എന്നിവരെപ്പോലെ വികാരങ്ങളോട് സംസാരിച്ചു നിൽക്കുന്ന**

കാവ്യശീലവും അദ്ദേഹത്തിനില്ല. സമൂഹത്തെ പാടിയുണർത്തുന്ന ഒരു പുള്ളുവനെപ്പോലെ എല്ലാവരുടെയും നാദമായി വൈലോപ്പിളി നിലകൊള്ളുന്നു. ഏറെപ്പഴയതാണെങ്കിലും സ്വയം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കവിതയിലൂടെ മരണത്തെ അതിജീവിക്കാൻ അദ്ദേഹം ശ്രമിച്ചു. വൈലോപ്പിള്ളിക്കു നൽകിയിരിക്കുന്ന വിശേഷണങ്ങൾ പലതാണ്. സങ്കടങ്ങളെ ചിരിച്ചു തള്ളിക്കൊണ്ട് എഴുതുന്ന കവി, പതുക്കെ , അമർത്തി, തെളിച്ച് എഴുതുന്നതിനാൽ പിന്നിലായിപ്പോകുന്നകവി, അനുഭവങ്ങളെ സാരമായ ലഹരിയാക്കി മാറ്റുന്ന കവി , ഓർമ്മകളുടെ കവി. ഇങ്ങനെ വിശേഷണങ്ങളുടെ ഒരു നീണ്ടനിര . അനേകം ജന്മങ്ങൾ ജീവിച്ചു ചുളിവുകൾ വീണ ഒരു മുഖം കവിയുടെ കവിതകൾക്കുണ്ട്.

<u>ചോദ്യങ്ങൾ</u>

a. ഒരു കവിതകൊണ്ട് ഒരു കാലാവസ്ഥ തന്നെ സൃഷ്ടിച്ച കവി എന്നു വിശേഷിപ്പിക്കുന്നത് ആരെ ?
[ 1 ചങ്ങമ്പുഴയെ 2 വൈലോപ്പിള്ളിയെ 3 ജി. ശങ്കരക്കുറുപ്പിനെ ]

b. വൈലോപ്പിള്ളിയുടെ തൂലികാനാമം ഏത്?
[ 1 ശ്രീ 2 കാച്ചിക്കുറുക്കിയ കവി 3 പാലുപോലുള്ള കവി ]

c എല്ലാവരുടെയും നാദമായി വൈലോപ്പിളി നിലകൊള്ളുന്നു എങ്ങനെ ?
[ 1 എല്ലാവർക്കും വേണ്ടി കവിത എഴുതി
2 ജീവിതത്തിന്റെ കടലിനെ കവിതയ്ക്ക് മഷിപ്പാത്രമാക്കി
3 സമൂഹത്തെ പാടിയുണർത്തുന്ന പുള്ളുവനെപോലെ ]

d. ഏറെപ്പഴയതാണെങ്കിലും സ്വയം നവീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നതെന്താണ് ?
[ 1 കഥ 2 കവിത 3 സാഹിത്യം

e. വൈലോപ്പിളി കവിതകൾക്ക് “ കാച്ചിക്കുറുക്കിയകവിത “ എന്ന വിശേഷണം നൽകിയതാര് ?
[ 1 ജി.ശങ്കരക്കുറുപ്പ് 2 എം.എൻ.വിജയൻ 3 പി.എവാര്യർ . ]

f. വൈലോപ്പിളിയുടേതല്ലാത്ത വിശേഷണം ഏത് ?
[ 1 സങ്കടങ്ങളെ ചിരിച്ചു തള്ളികൊണ്ട് എഴുതുന്ന കവി
2 ഓർമ്മകളുടെ കവി 3 ഉജ്ജ്വലശബ്ദാഢ്യൻ ]

g. ജീവിതത്തിന്റെ കടലിനെ കവിതയ്ക്ക് മഷിപ്പാത്രമാക്കിയ കവി.
[1 ജി.ശങ്കരക്കുറുപ്പ് 2 വൈലോപ്പിളി 3 ഇടപ്പള്ളി രാഘവൻപിള്ള ]

h. കടൽകാക്കകൾ എന്ന സമാഹാരത്തിന്റെ അവതാരികയിൽ പി. എ. വാര്യർ എഴുതിയ വിശേഷണം എന്ത്?
[ 1 എല്ലുറപ്പുള്ള കവിത 2 പല്ലുറപ്പുള്ള കവിത
3 കാച്ചിക്കുറുക്കിയ കവിത ]

i. വൈലോപ്പിള്ളിയുടെ മാമ്പഴത്തിലൂടെ മലയാളി അനുഭവിച്ചറിഞ്ഞതെന്ത് ?
[ 1 സ്നേഹം, കാരുണ്യം 2 ദേഷ്യം , സ്നേഹം 3 പുത്രദുഃഖം, മാതൃത്വം ]

j വൈലോപ്പിളിയുടെ സമകാലീനനായ കവി അല്ലാത്തത് ആര്?
[ 1 ജി.ശങ്കരക്കുറുപ്പ് 2 ചെറുശ്ശേരി 3 ചങ്ങമ്പുഴ കൃഷ്ണപിള്ള ]

2. <u>ഏതെങ്കിലും എട്ടെണ്ണത്തിനു ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.</u> (8x1=8)

a ‘ഭവാൻ’ എന്ന പദത്തിന്റെ എതിർലിംഗം എന്താണ്?
i ഭഗവതി ii ഭവാനി
iii ഭവതി iv ഭാവിനി

b ‘നിശ്ശേഷം ‘ എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ്?
i അശ്ശേഷം ii വിശേഷം
iii ആശ്ശേഷം iv ശേഷം

c വികലം - എന്നതിന്റെ വിപരീതപദം ഏത്?
i അകലം ii അവികലം
iii സകലം iv ശകലം

d ‘ തലം - താലം ‘ - എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?
i സ്ഥലം-തട്ടം ii തട്ടം- സ്ഥലം
iii നിലം - വിലം iv വലം -വാലം

e ‘ കാലാഹി’- എന്ന സമസ്ത പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത്?
i കാലവും അഹിയും ii അഹിയാകുന്ന കാലം
iii കാലമാകുന്ന അഹി iv കാലത്തിന്റെ അഹി

f താഴെ തന്നിരിക്കുന്നവയിൽ ‘ ശല്യം ‘ എന്ന പദത്തിന്റെ നാനാർത്ഥമായി വരുന്ന പദമേത് ?
i അമ്പ് ii കമ്പ്
iii മുൻപ് ivവീമ്പ്

g ‘ ശിശുവിന്റെ അവസ്ഥ ‘- എന്നതിന്റെ ഒറ്റപ്പദം ഏതാണ്?

i ശൈശവം ii ശിശു
iii ബാല്യം iv ശൈശിവം

h താഴെ തന്നിരിക്കുന്നവയിൽ ‘ സത്വത’ എന്ന പദത്തിന്റെ അർത്ഥം ഏത്?
i ജീവൻ ii തെളിവ്
iii ചൈതന്യം ivസ്വന്തം

i ‘ തടവറ ‘ എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ___________ ആണ് ?
i തട + അറ ii തടവ് + അറ
iii തടവ + അറ iv തട + അറ

j തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക ?
i വ്യഥിതൻ ii വ്യതിതൻ
iii വ്യദിതൻ iv വ്യധിതൻ

3 <u>ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരെഞ്ഞെടുത്തെഴുതുക.( ഓരോന്നിനും 1 മാർക്കുവീതം )</u> 4x2=8

a ‘ ഇവരറിയുന്നീലെന്നഭിമാനം’

i ആരാണിതു പറയുന്നത് ?

( 1 കവി 2 ഓണത്തപ്പൻ 3 പുള്ളുവൻ 4 ഗ്രാമപ്പെ ൺകൊടി)

ii ആരാണ് അറിയാത്തത് ?

( 1 പരിഷ്കാരത്തിന്റെ തിണ്ണയിലുള്ളവർ 2 മൂവുലകാണ്ട മഹാബലി മന്നൻ 3 ഗ്രാമപ്പെ ൺകൊടിമാർ 4 ഓണക്കോടിയുടുത്ത ഉഷസ്സ് )

b ‘ നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു ‘

i ആരാണ് ഉറങ്ങാൻ ശ്രമിക്കുന്നത് ?

( 1 അമ്മ 2 മാള് 3 ജില്ലാശുപത്രി 4 തെരുവീഥികൾ )

ii ആരുടേതാണീ വാക്കുകൾ ?

( 1 അമ്മയുടെ 2 മകന്റെ 3 ഭാര്യയുടെ 4 ഈശ്വരന്റെ )

c ‘ ക്രോധം പരിത്യജിക്കണം ബുധജനം “

i ആരാണിതു പറയുന്നത് ?

( 1 ശ്രീരാമൻ 2 ലക്ഷമണൻ 3 മോക്ഷാർഥി 4 പുമാൻ )

ii ഇങ്ങനെ പറയുന്നതിന്റെ കാരണം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?

( 1 ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം 2 ചഞ്ചലമാലയസംഗമം

3 സംസാരകാരിണിയായതുകൊണ്ട് 4 മുക്തിക്കുവിഘ്നം വരുത്തുവാൻ ശക്തിയുള്ളതുകൊണ്ട് )

d ‘ അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി’

i ആർക്കാണ് പിരിഞ്ഞു മുറുകിയത് ?

( 1 വെള്ളായിയപ്പന് 2 ചാക്കുണ്ണിക്ക് 3 കണ്ടുണ്ണിക്ക്

4 കുതിരവണ്ടിക്കാർക്ക്)

ii സ്വരങ്ങൾ കഴുത്തിനുചുറ്റും പിരിഞ്ഞു മുറുകിയതെപ്പോൾ ?

( 1 റേഡിയോ പണയം വച്ചപ്പോൾ 2 ജയിലിലേയ്ക്കുള്ള വഴി ചോദിച്ചപ്പോൾ 3 ഗുമസ്തന്റെ വാക്കുകേട്ടപ്പോൾ 4 കണ്ടുണ്ണിയെ കണ്ടപ്പോൾ)

e ‘ പകൽവെളിച്ചത്തിൽ ഒന്നു നോക്കിക്കാണുവാൻ ഇടകിട്ടും മുമ്പേ ഇതാ ഒരു പരാജയമായിരിക്കുന്നു ‘.

i ആരാണിതു പറഞ്ഞത് ?

( 1 ദുര്യോധനൻ 2 അശ്വത്ഥാമാവ് 3 യുധിഷ്ഠിരൻ 4 അർജുനൻ

ii പരാജയമായി മാറിയതെന്ത്?

( 1 ദുര്യോധനൻ പടക്കളത്തിൽ വീണത് 2 ദ്രോണപുത്രനെ സേനാപതിയാക്കിയത് 3 അശ്വത്ഥാമാവ് ബ്രഹ്മശിരോസ്ത്രം പ്രയോഗിക്കാനൊരുങ്ങിയത് 4 സകല പാഞ്ചാലരും കൊല്ലപ്പെട്ടത് )

f ’ അയാൾ അഭിമാനത്തോടെ തെല്ലുറക്കെ പറഞ്ഞു ‘

i ആരാണ് പറഞ്ഞത്?

( 1 മത്തായി മുപ്പര് 2 കണ്ടക്ടർ 3 സുകുമാരൻ 4 ചാക്കുണ്ണി )

ii എന്താണ് പറഞ്ഞത് ?

( 1 അതു കൃത്യം അമ്പതുറുപ്പികേണ്ടാർന്നു  2 സ്വർണല്ലാണ്ട് ഒന്നും ഞങ്ങള് എടുക്കാറില്യാ   3 ഒരു റേഡിയോ വാങ്ങിക്കണം സുകോ  4 അവനു വല്ല്യ ഇഷ്ടാർന്നു ഈ ബാലമണ്ഡലം )

4 <u>ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരെഞ്ഞെടുത്തെഴുതുക.( ഓരോന്നിനും 1 മാർക്കുവീതം )</u> ( 4x4=16)

a ' ആ പരമാസ്ത്രം വീണാൽ വെറുതെയാവില്ലതന്നെ '

i ആരു പറഞ്ഞതാണിത് ?

( 1 കൃഷ്ണൻ  2 വ്യാസൻ  3 ദുര്യോധനൻ  4 അർജുനൻ )

ii പരമാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

( 1 ആഗ്നേയാസ്ത്രം  2 ബ്രഹ്മാസ്ത്രം  3 ബ്രഹ്മശിരസ്സ്  4 വരുണാസ്ത്രം )

iii ആരോടാണിത് പറയുന്നത് ?

( 1 അർജുനനോട്  2 ഭീമനോട്  3 യുധിഷ്ഠിരനോട്  4 ദ്രോണപുത്രനോട് )

iv എപ്പോഴാണിതുപറയുന്നത് ?

( 1 ഭാരതയുദ്ധം തുടങ്ങുമ്പോൾ  2 ശിബിരദ്വാരത്തിൽ വച്ച്  3 അസ്ത്രം പാണ്ഡവഗർഭത്തിലേക്കുവിട്ടപ്പോൾ  4 അസ്ത്രത്തെ സത്വരം പ്രതി സംഹരിച്ചപ്പോൾ

b ' സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റിയതുപോലെ അയാൾക്കു തോന്നി ' .

i ആർക്കാണ് തോന്നിയത് ?

(1 ചെമ്പുമത്തായിക്ക്  2 ചാക്കുണ്ണിക്ക്  3 ചാക്കോരു മാപ്ലയ്ക്ക്

4 ചാക്കുണ്ണിയുടെ മകന് )

ii എപ്പോഴാണ് അങ്ങനെ തോന്നിയത് ?

( 1 റേഡിയോ പണയം വയ്ക്കുമ്പോൾ  2 രോഗം വന്നപ്പോൾ  3 മകൻ മരിച്ചപ്പോൾ )

iii അങ്ങനെ തോന്നാനുള്ള കാരണം ?

( 1 ചെമ്പുമത്തായിയോടുള്ള അവിശ്വാസം 2 അമിത പലിശയെക്കുറിച്ചുള്ള പേടി 3 റേഡിയോയുമായുള്ള ആത്മബന്ധം 4 മകനുമായുള്ള ആത്മബന്ധം)

iv ഈ പ്രസ്താവന ഉൾപ്പെടുന്ന പാഠം ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

(1 ചരിത്രം 2 ചെറുകഥ 3 ആത്മകഥ 4 നോവൽ )

c ‘ രണ്ടു ചിത്രങ്ങൾ , അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്നപോലെ , രണ്ടു വാക്കുകൾക്കിടയിലെന്നപോലെ എന്തിന്റെയൊക്കെയോ നിറവ് ‘.

i ഏതാണ് ആ രണ്ടു ചിത്രങ്ങൾ ?

( 1 വെള്ളായിയും കുട്ട്യസ്സൻമാപ്പിളയും 2 വെള്ളായിയപ്പനും നീലി മണ്ണാത്തിയും 3 വെള്ളായിയുടെ അപ്പനും മകനും 4 നീലിമണ്ണാത്തിയും കുട്ട്യസ്സൻ മാപ്പിളയും )

ii എപ്പോഴാണ് നിറവ് അനുഭവപ്പെട്ടത് ?

(1 കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നതു കണ്ടപ്പോൾ

2 നീലിമണ്ണാത്തിയേയും കുട്ട്യസ്സൻമാപ്പിളയേയും കണ്ടപ്പോൾ

3 വീട്ടിൽ നിന്നു കൂട്ടനിലവിളി ഉയർന്നപ്പോൾ 4 ജയിലിൽ കണ്ടുണ്ണിയെ കണ്ടപ്പോൾ )

iii ‘ നിറവ് ‘ എന്ന പദത്തിന് യോജിച്ച അർത്ഥം താഴെപ്പറയുന്നവയിൽ ഏതാണ് ?

( 1 സ്നേഹം 2 വിശ്വാസം 3 തൃപ്തി 4 ചിന്ത )

iv നിറവ് അനുഭവപ്പെട്ടതാർക്ക്?

( 1 വെള്ളായിയപ്പന് 2 കുട്ട്യസ്സൻമാപ്പിളയ്ക്ക് 3 കണ്ടുണ്ണിക്ക്

4 കോടച്ചിക്ക് )

d ‘ അന്നത്തെ സൂചി പ്രയോഗത്തിൽ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്’

i ആരുടെ മനസ്സിലൂടെയാണ് കടന്നുപോയത് ?

( 1 അമ്മയുടെ 2 മകന്റെ 3 ഭാര്യയുടെ 4 ഈശ്വരന്റെ )

ii ‘ അന്നത്തെ സൂചിപ്രയോഗം ‘ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

( 1 വിദ്യാലയത്തിൽ ശഠിച്ചും കുതറിയുമെത്തിയത് 2 പനിച്ച് ആശുപത്രിയിൽ എത്തിയപ്പോൾ കുത്തിവച്ചത് 3 തെരുവു പട്ടി ചാടിക്കുതിച്ചെത്തിയത്

4 ഈശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയത്)

iii എവിടെ വെച്ചാണ് തോന്നലുണ്ടായത് ?

( 1 വിദ്യാലയമുറ്റത്ത് 2 ജില്ലാശുപത്രിക്കരികിൽ 3 മാളിനടുത്ത്

4 കോവിലിനടുത്ത് )

iv ഈ വരികളിൽ തെളിയുന്ന ഭാവം എന്താണ് ?

( 1 മകന് അമ്മയോടുള്ള സ്നേഹം 2 അമ്മയ്ക്ക് മകനോടുള്ള സ്നേഹം

3 ഭാര്യക്ക് അമ്മയോടുള്ള വിരോധം 4 അമ്മയെ ഉപേക്ഷിക്കുന്നതിലുള്ള വിഷമം )

e ‘ ഭാവശാലികൾ പിരിഞ്ഞുകൂടിയാ-

ലീവിധം വികലമാം സുഖോദയം’

i ആരു പറയുന്നതാണിത് ?

( 1 നളിനി 2 ദിവാകരൻ 3 സന്യാസിനി 4 കവി )

ii വികലമാകുന്നതെന്ത് ?

( 1 സ്നേഹം 2 സുഖാനുഭവം 3 വാക്കുകൾ 4 പ്രിയം )

iii ഭാവശാലികൾ എന്നു വിശേഷിപ്പിച്ചതാരെ ?

( 1 നളിനിയെ 2 ദിവാകരനെ 3 നളിനിയേയും ദിവാകരനേയും

4 നളിനിയും ഭവനവും )

iv കുമാരനാശാന്റേതല്ലാത്ത കൃതിയേത് ?

( 1 നളിനി 2 ലീല 3 ശ്രീരേഖ 4 ചിന്താവിഷ്ടയായ സീത )

## ബി വിഭാഗം/ SECTION B

**5 a.** <u>പ്രയോഗം മാറ്റുക</u> 2x1=2

i അർജുനൻ യുധിഷ്ഠിരനാൽ അശ്വരക്ഷിതാവാക്കപ്പെട്ടു .

ii ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു.

(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. 2x1=2

i അവർ ക്ഷണത്തിൽ വഴിക്കുവെച്ചു ഭീമനെ കണ്ടെത്തിയെങ്കിലും ക്രോധദീപ്തനായ അദ്ദേഹത്തെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല .

ii ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാത മായൊരു പാട്ടിനുവേണ്ടി കാതോർത്തു.

c വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. 2x1=2

i പുഴയുടെ മദ്ധ്യത്തിൽ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി.

ii ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ചു നടന്ന ഭാരതയുദ്ധം ആരംഭിക്കാൻ തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു. d

(d) അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കിമാറ്റുക. 2x1=2

i പുലർച്ചയ്ക്ക്മുമ്പ് കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു.

ii ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി .

(e) ഏതെങ്കിലും രണ്ടെണ്ണം , ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. 2x1=2

i ശമിക്കുക ii പണിപ്പെടുക iii കാതോർത്തു

6 ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

(a) ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 5

(i) വിവരസാങ്കേതിക വിദ്യ

(ii) ലഹരിവസ്തുക്കളും യുവതലമുറയും

(iii) യുദ്ധരഹിതലോകം - നമ്മുടെ ലക്ഷ്യം.

(b) നിങ്ങളുടെ പ്രദേശത്തെ കൃഷിയിടങ്ങളിലെ വന്യമൃഗശല്യത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നാവശ്യപ്പെട്ട് പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. 5

(c) ചൈനയിൽ വീണ്ടും കോവിഡ്-19 പകരുന്നു. ഈ സാഹചര്യത്തെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക. 5

7 താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരം എഴുതുക. ( ഓരോന്നിനും 3 മാർക്ക് വീതം)

(a) ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം ഉത്തരം എഴുതുക. 1x3=3

i വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം?

ii ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർഎന്തായിരുന്നു ? എന്തിനായിരുന്നു?

(b) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക. 2x3=6

i ക്രോധം പരിത്യജിക്കേണം ബുധജനം സന്ദർഭം , ആശയം എന്നിവ വ്യക്തമാക്കുക?

ii 'പോയതൊക്കെയഥവാ നമുക്കയേ

പ്രായവും സപദിമാറികാര്യവും ' സന്ദർഭം, ആശയം എന്നിവ വിശദമാക്കുക.

iii ' അമ്മതൊട്ടിൽ ' എന്ന കവിതയിൽ അമ്മയുടെ ദയനീയ ജീവിതാവസ്ഥ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

(c) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക. 2x3=6

i ജ്ഞാനത്തിൽ ജാതിയും മതവുമില്ല എന്ന യാഥാർത്ഥ്യം ചട്ടമ്പി സ്വാമികളുടെ ജീവിതത്തിൽ പ്രതിഫലിച്ചതെങ്ങനെ? വിശദീകരിക്കുക.

ii ജന്മംകൊണ്ടല്ല കർമ്മംകൊണ്ടാണ് ബ്രാഹ്മണ്യം സിദ്ധിക്കുന്നത് എന്ന ആശയം ചട്ടമ്പിസ്വാമികളുടെ ജീവിതാനുഭവങ്ങളെ അടിസ്ഥാനമാക്കി വിവരിക്കുക .

iii ചട്ടമ്പിസ്വാമികളും സ്വാമി വിവേകാനന്ദനുമായുണ്ടായ കൂടിക്കാഴ്ചയെക്കുറിച്ച് വിവരിക്കുക ?

**********************************************************